12647
21/4/18

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കള്ളാടി/ആനക്കാംപൊയിൽ റോഡ്-മദ്രാസ് എസ്റ്റേറ്റ് കാർ വനത്തിലൂടെയുള്ള റോഡ് കോൺക്രീറ്റ് ചെയ്യുകയും പാലം നിർമ്മിക്കുകയും ചെയ്യുന്നു എന്നുള്ള പരാതി - ശ്രീ.എൻ.രാജേഷ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കെതിരായ അച്ചടക്ക നടപടി - കുറ്റവിമുക്തനാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.299/2018/വനം തീയതി,തിരുവനന്തപുരം, 25/06/2018

---

പരാമർശം:- (1) 21.07.2012 ലെ 7362/എ1/2012/വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും

(2) സ.ഉ.(സാധാ) നം.28/2014/വനം തീയതി 18.01.2014

(3) സ.ഉ.(സാധാ) നം.222/2014/വനം തീയതി 24.05.2014

(4) 16.06.2015 ലെ വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ഡബ്ല്യു.എസ്.എഫ്.1-424/14 നമ്പർ അന്വേഷണ റിപ്പോർട്ട്

(5) 04.08.2015, 26.01.2017, 21.08.2017 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി1-11276/09 നമ്പർ കത്തുകൾ

(6) 19.07.2016-ലെ 12300/എ1/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(7) 06.10.2016 തീയതിയായി ശ്രീ.എൻ.രാജേഷ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച വിശദീകരണം

ഉത്തരവ്

വയനാട് സൗത്ത് ഡിവിഷനിലെ മേപ്പാടി റെയിഞ്ച് മുണ്ടക്കൈ സെക്ഷന്റെ പരിധിയിലുള്ള കള്ളാടി-ആനക്കാംപൊയിൽ-റോഡ് മദ്രാസ് എസ്റ്റേറ്റ്കാർ വനത്തിലൂടെയുള്ള റോഡ് കോൺക്രീറ്റ് ചെയ്യുകയും പാലം നിർമ്മിക്കുകയും ചെയ്യുന്നു

എന്നുള്ള പരാതിയുമായി ബന്ധപ്പെട്ട് ശ്രീ.എൻ രാജേഷ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് പരാമർശം (1) പ്രകാരം താഴെപറയുന്ന ചാർജ്ജുകൾക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) കള്ളാടി-തൊള്ളായിരം ഭാഗത്ത് നിക്ഷിപ്ത വനഭൂമിയിലൂടെയും, ഇ.എഫ്.എൽ. നോട്ടിഫൈഡ് ഏരിയായിലൂടെയും കടന്നു പോകുന്ന വനത്തിന്റെ ഭാഗമായ റോഡിൽ 799.7 മീറ്റർ നീളത്തിൽ ചെയ്ത അനധികൃത കോൺക്രീറ്റിംഗ് ടിയാൻ കണ്ടുപിടിക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല.

(ii) അനധികൃതമായി നിർമ്മിച്ച കോൺക്രീറ്റ് റോഡ് പൊളിച്ചു നീക്കാൻ മേലധികാരത്തിൽ നിന്നും നിർദ്ദേശമുണ്ടായിട്ടും അദ്ദേഹവും ബന്ധപ്പെട്ട സ്റ്റാഫുകളും തുടർ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം വരുത്തി. ഇത് കേരള ഫോറസ്റ്റ് ആക്റ്റ് (66) ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തിയാണ്.

(iii) അനധികൃതമായി കോൺക്രീറ്റ് റോഡ് നിർമ്മിച്ചവരെ അറിയാമായിരുന്നിട്ടു കൂടി അവരെ പ്രതിയാക്കുകയോ, അറസ്റ്റ് ചെയ്യുകയോ അവരുടെ മൊഴി രേഖപ്പെടുത്തുകയോ ചെയ്തില്ല. ടിയാന്റെ മേൽ പ്രവൃത്തി കേസ് ദുർബലപ്പെടുത്തുന്നതിന് കാരണമായി.

(iv) കോൺക്രീറ്റ് റോഡ് പൊളിച്ചുമാറ്റുന്നതിനെതിരെ സ്വകാര്യ വ്യക്തി ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി) യിൽ ഫലവത്തായ രീതിയിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യണമെന്നും, ഇടക്കാല സ്റ്റേ നീക്കി കിട്ടാൻ തുടർ നടപടി എടുക്കണമെന്നും, മേലധികാരികളിൽ നിന്നും നിർദ്ദേശമുണ്ടായിട്ടും ഫലപ്രദമായ യാതൊരു നടപടിയും ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ടിയാന്റെ മേൽ പ്രവൃത്തി പ്രതികൾക്ക് അനുകൂലമായ വിധത്തിൽ കാര്യങ്ങൾ നീങ്ങാൻ ഇടയാക്കി.

(v) ടിയാൻ സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിൽ പൂർണ്ണമായി പരാജയപ്പെടുകയും തന്മൂലം സർക്കാർ ജോലിയിൽ കുറ്റകരമായ അനാസ്ഥയും ഗുരുതരമായ കൃത്യവിലോപവും വീഴ്ചയും കാണിച്ചു.

2) ടിയാന്റെ പ്രതിവാദപത്രിക തൃപ്തികരമല്ലാത്തതിനാൽ പരാമർശം (2), (3) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി. ഔപചാരികാന്വേഷണത്തിൽ ശ്രീ.എൻ.രാജേഷിനെതിരെയുള്ള ചാർജ്ജുകളിൽ, ചാർ ജ്ജ് 3 മാത്രം ഭാഗികമായി തെളിയിക്കപ്പെട്ടുവെന്ന് കണ്ടെത്തി.

3) ഔപചാരികാന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ ശ്രീ.എൻ.രാജേഷിനെതിരായ 1, 2, 3 ചാർജ്ജുകളിന്മേലുള്ള ഔപചാരികാന്വേഷണാധികാരിയുടെ കണ്ടെത്തലുകൾ അംഗീകാരയോഗ്യമല്ലായെന്ന് കണ്ടെത്തി. തുടർന്ന് 1, 2, 3 ചാർജ്ജുകൾ നിലനിൽക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (iii) പ്രകാരം ശ്രീ.എൻ.രാജേഷിന്റെ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയാൻ' താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

4) കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (7) പ്രകാരം

സമർപ്പിച്ച വിശദീകരണത്തിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർ ശം (5) ലെ 21.08.2017 ലെ കത്ത് പ്രകാരം അഭിപ്രായമറിയിച്ചു. സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ടിയാനെ 15.03.2017-ന് നേരിൽ കേട്ടു. വിശദീകരണത്തിൽ ഉന്നയിച്ച വസ്തുതകൾ തന്നെയാണ് ശ്രീ.എൻ.രാജേഷ് നേരിൽ കേട്ട വേളയിലും ആവർത്തിച്ചത്.

5) നേരിൽ കേട്ട സമയത്ത് ടിയാൻ ഉന്നയിച്ച വാദങ്ങളും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടുകളും വിശദമായി പരിശോധിച്ചു. 1961 ലെ കേരള വന നിയമത്തിലെ 63-ാം വകുപ്പ് പ്രകാരം വനം കുറ്റത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് സംശയിക്കുന്ന ഒരാളെ ഫോറസ്റ്റ് ഓഫീസർക്ക് വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാം. പ്രതികളെ അറസ്റ്റ് ചെയ്യുന്നത് കേസിന്റെ വിശ്വാസ്യതയ്ക്കും വിജയകരമായ പ്രോസിക്യൂഷനും സഹായമാണ്. ശ്രീ.എൻ.രാജേഷ് 31/07 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പ്രോസിക്യൂഷൻ അനുമതി നൽകിയതായും കേസ്സ് ശരിയായ വിധത്തിൽ നടന്നു വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീ.എൻ.രാജേഷിനെതിരായ ചാർജ്ജുകളിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എൻ.രാജേഷ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ